# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 658 02.12.2014- ൽ മറുപടിക്ക്

### കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരണം

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി 57.39 കോടി രൂപയുടെ പുതുക്കിയ പ്രോജക്റ്റ് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2013-14 ബഡ്ജറ്റിൽ മിൽ നവീകരണത്തിനു വേണ്ടി 436 ലക്ഷം രൂപ അനുവദിക്കുകയും കൂടാതെ 2014-15 ബഡ്ജറ്റിൽ മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 211.15 ലക്ഷം രൂപ നൽകുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി അംഗീകാരത്തോടെ പ്രവർത്തിക്കുന്ന നവീകരണ പദ്ധതികൾക്കായി 2014-15 ബഡ്ജറ്റിൽ സർക്കാർ 298 ലക്ഷം രൂപ വകയിരുത്തിയതിൽ കൊല്ലം മില്ലിനായി 99.33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്ന തെങ്കിൽ എത്ര രൂപയുടെ ബാദ്ധ്യത യുണ്ടെന്നും ആയത് ഏതൊക്കെ സ്ഥാപന ങ്ങൾക്കാണെന്നും ഓരോ സ്ഥാപനത്തിനും നൽകുവാനുള്ള തുക എത്രയെന്നും അറിയിക്കുമോ; | (ബി) | മിൽ ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കോട്ടൺ സപ്ലൈയേഴ്സിന് 103.9 ലക്ഷം രൂപയും ഇൻഡോരാമയ്ക്ക് (പോളിസ്റ്റർ) 53.34 ലക്ഷം രൂപയും സ്റ്റാറ്റ്യൂട്ടറി പേയ്മെന്റ്സ് ഇനത്തിൽ 113 ലക്ഷം രൂപയും നൽകാനുണ്ട്. |
| (സി) | മിൽ ആധുനിക രീതിയിൽ നവീകരണം നടത്തി ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ? | (സി) | മിൽ നവീകരണം 2 കൊല്ലം കൊണ്ട് നടത്തുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. മില്ലിലെ വളരെ പഴക്കം ചെന്ന മെഷീനുകൾ മാറ്റി പകരം പുതിയ മെഷീനുകൾ സ്ഥാപിച്ച് മില്ലിന്റെ ഉൽപ്പാദനശേഷി കൂട്ടുന്നതിനും ഗുണമേന്മയുള്ള നൂൽ ഉൽപ്പാദിപ്പിച്ച് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനായുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി 2013-14 ബഡ്ജറ്റിൽ 436 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി 2014-15 ബഡ്ജറ്റിൽ 211.15 ലക്ഷം രൂപ നൽകുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി അംഗീകാര ത്തോടെ പ്രവർത്തിക്കുന്ന നവീകരണപദ്ധതി കൾക്കായി 2014-15 ബഡ്ജറ്റിൽ സർക്കാർ 298 ലക്ഷം രൂപ വകയിരുത്തിയതിൽ കൊല്ലം മില്ലിനായി 99.33 ലക്ഷം രൂപ വകയിരു ത്തിയിട്ടുണ്ട്. കൂടാതെ മില്ലിന്റെ നവീകരണ ത്തിനായുള്ള എൻ.സി.ഡി.സി സഹായത്തോടെ യുള്ള 57.39 കോടി രൂപയുടെ നവീകരണ പദ്ധതി നടപ്പിലാക്കുന്നതോടെ മിൽ ലാഭകര മായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ